Mr. President : Will Mr. Iyyu give place to Mrs. Menon to move her Bill?

Mr. C. V. Iyyu *(Kunnamkulam):* It will take only a short time. If the Hon'ble President has no objection, I would like to move myself.

Mr. President : The other Bill is in the interests of children and is moved by a lady. I do not know whether in the interests of the children and the women that Bill may not be given precedence.

Mr. C. V. Iyyu *(Kunnamkulam):* I have no objection.

The Cochin Child Marriage Restraint Bill

മിസ്സിസ് തങ്കമ്മ എൻ. മേനോൻ: സർ, കൊച്ചി ശൈശവ വിവാഹ നിരോധനബിൽ ഈ സഭയുടെ അംഗീകാരത്തിനായി ഞാനിവിടെ അവതരിപ്പിച്ചുകൊള്ളുന്നു. ഈ ബിൽ ഈ നിയമസഭയിൽ അവതരിപ്പിക്കാനുള്ള അനുമതി മഹാരാജാവു തിരുമനസ്സിൽ നിന്നു് ലഭിച്ചതിൽ തിരുമനസ്സിനോടു എനിക്കുള്ള അകൈതവമായ കൃതജ്ഞതയെ ഞാൻ ആദ്യമായി തന്നെ രേഖപ്പെടുത്തിക്കൊള്ളട്ടെ. ഇൻഡ്യയിലെ മറ്റു നാട്ടുരാജ്യങ്ങളേക്കാൾ പരിഷ്കൃത ലോകത്തിന്റെ മുന്നണിയിൽ വന്നിരിക്കുന്നുവെന്നു നമുക്കേവക്കും അഭിമാനിയ്ക്കാവുന്ന ഈ കൊച്ചിരാജ്യത്തിൽ നിർബ്ബന്ധ ശൈശവ വിവാഹം എന്നു ദുഷിച്ച സമ്പ്രദായം ഇന്നും ചില സമുദായങ്ങൾ അനുകരിച്ചുവരുന്നുണ്ടെന്ന സംഗതി വളരെ വ്യസനപൂർവ്വം ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ബ്രാഹ്മണർ, സാരസ്വത ബ്രാഹ്മണർ, കുടുംബികൾ എന്നീ സമുദായക്കാരാണു് ഈ ദുഷിച്ച സമ്പ്രദായം അനുകരിച്ചുവരുന്നതു്. എന്നാൽ സാരസ്വത ബ്രാഹ്മണരൊഴികെ ഈ ദുഷിച്ച സമ്പ്രദായം കൊണ്ടു് ഉണ്ടാകുന്ന ദോഷങ്ങളെ അറിഞ്ഞു് അതിനെ ഇല്ലാതാക്കുവാനായി അടുത്ത അവസരത്തിൽ കൊച്ചിയിൽവെച്ചു ഒരു മഹാസമ്മേളനം കൂടുകയും ആ സമുദായത്തിലെ ഒരംഗമായ ബഹുമാനപ്പെട്ട കോമേഴ്സ് മെമ്പർ അവർകളോടു് ശാരദ ആക്റ്റുപോലെയുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കണമെന്നു് ആവശ്യപ്പെടുകയും ചെയ്തിട്ടുള്ള വിവരം പത്രങ്ങളിൽ നിന്നും ബഹുമാനപ്പെട്ട മെമ്പർമാർ വായിച്ചിട്ടുണ്ടായിരിക്കുമെന്നു വിശ്വസിക്കുന്നു. എന്നാൽ അതിനു് മുമ്പു് എന്റെ ബിൽ നിയമസഭയിൽ കൊണ്ടുവരുവാനിടയായതുകൊണ്ടായിരിക്കണം ബഹുമാനപ്പെട്ട കോമേഴ്സ് മെമ്പർ അവർകളും ഇവിടെ ഒരു ബിൽ കൊണ്ടുവരാതിരുന്നതെന്നാണു എന്റെ വിശ്വാസം.

ഈ ബിൽ ഞാനിവിടെ അവതരിപ്പിച്ചിട്ടുള്ളതു രണ്ടുദ്ദേശത്തോടുകൂടിയാണു്. ഒന്നാമതായി നിർബ്ബന്ധശൈശവ വിവാഹത്തെ അനുകരിക്കുന്ന സമുദായങ്ങളിലെ പന്ത്രണ്ടു വയസ്സിനു് താഴെയുള്ള അവനധി ബാലികമാർ വിധവകളായി തങ്ങളുടെ ജീവിതം നരകത്തിനു് തുല്യമായി കഴിച്ചുകൂട്ടുന്നതായ ഭയങ്കരമായ കാഴ്ച ഇനിയെങ്കിലും മാതാപിതാക്കന്മാർക്കു് കാണേണ്ടിവരികയില്ലെല്ലോ എന്നു വിചാരിച്ചാണു്. ഭയങ്കരമായ കാഴ്ച എന്നു പറഞ്ഞതിനെ ഞാൻ ഒന്നു കൂടി വിശദീകരിച്ചുകൊള്ളട്ടെ. ഭർത്താവു മരിച്ചു് പതിനൊന്നാം ദിവസം തലമുടിയെല്ലാം കളഞ്ഞു് വെള്ളവസ്ത്രം മാത്രം ധരിച്ചു യാതൊരാഭരണവും ധരിക്കാതെ അവരുടെ ജീവിതകാലം മുഴുവനും അവർക്കു് കഴിച്ചുകൂട്ടേണ്ടി വരുന്നു. അവർക്കു കൊടുക്കുന്ന ഭക്ഷണവും കൂടി സന്ന്യാസിമാരുടേതു

LIBRARY ARCHIVES Kerala Legislative Assembly

പോലെ നിജപ്പെടുത്തുകയാണ് ചെയ്യുന്നത്. അവരുടെ കുടുംബങ്ങളിലും ഗ്രാമങ്ങളിലും ഉള്ള യാതൊരാഘോഷങ്ങളിലും അവരെ പങ്കെടുക്കാൻ സമ്മതിക്കയില്ല. എന്നു തന്നെയല്ല യാത്രാസമയത്തു അവരെ കാണുന്നതു ഒരു കുന്നമായിട്ടു കൂടി കണക്കാക്കുന്നു. ഈ വക സംഗതികളെപ്പറ്റി മിസ്റ്റർ എൽ. കെ. അനന്തകൃഷ്ണയ്യർ അദ്ദേഹത്തിന്റെ "Cochin Tribes and Castes" എന്ന പുസ്തകത്തിൽ വിധവകളുടെ ജീവിതത്തെ പറ്റി പറഞ്ഞിട്ടുള്ളതിൽ ഒരു ഭാഗം ഞാനിവിടെ വായിക്കാം.

"On the morning of the eleventh day, the woman whose husband is dead has her head completely shaved, and becomes a widow thereafter. She remains in seclusion for a year, and wears white cloth for the rest of her life. Henceforth her status in society is one of degradation, and she cannot take part in any of the domestic ceremonies, such as weddings, nuptials and the like. Of all kinds of calamities or misfortunes that can happen to a woman, widowhood involving the loss of hair is considered to be the greatest.

The rules regarding the conduct of widows are like those regulating the conduct of *Sanyasis* (ascetics,). "Eating on metal plates, sleeping on the cot, chewing betel leaves (*Thambula*), use of flowers, perfumes, etc., are all denied to the *Yati* and the widow alike. To all who are in Crata, the purification is like the *Yatis* and so for the widow." Thus the sages have prescribed to the faithful widow a number of duties, the keynote of which is austerity.

It is interesting to enquire in this connection whether there is any religious sanction for the tonsure of widows. There are passages in the *Rig Veda* which bear testimony to the fact that the preservation of hair on the woman's head adds to her beauty. *Atharvana Veda* contains charms to stimulate and promote the growth of hair. In order to strengthen the old hair, to beget the new, to render more luxurious that which has grown, the all healing plant, *Nitani*, one of the remedial rites is prescribed in that *Veda* for the growth of hair". Further on he says "The authorities for the tonsure of widows are very few. In the early Law Books, or *Smrithis* of Apasthamba, Gautama, Vasishta, and Yagnavalkya, and in the *Mahabaratha*, there is no mention of the custom. The widows then dressed the hair without the parting line or did not deck the hair. The only authorities in which mention is made of shaving are the *Sankda Purana* and *Vyasa Smirthi*".

LIBRARY ARCHIVES Kerala Legislative Assembly

ഇതുപോലെയുള്ള നിബന്ധനകൾ ഭർത്തൃമാർ മരിച്ച പുരുഷന്മാർക്കു കൂടി വെച്ചിട്ടുണ്ടായിരുന്നെങ്കിൽ ഈ സമ്പ്രദായത്തെ അവർ കഴിയുന്നതും വേഗത്തിൽ നിർത്തൽ ചെയ്യുവാൻ ശ്രമിക്കുമായിരുന്നുവെന്നുള്ളതിനു യാതൊരു സംശയവുമില്ല. (ചിരി) തനിക്കു് ചുടുമ്പോൾ കൂടി ചുവട്ടിൽ എന്ന പഴഞ്ചൊല്ലുപോലെ പുരുഷന്മാർക്കു് ഈ നരകജീവിതം അനുഭവിക്കേണ്ടി വരുമ്പോൾ മാത്രമേ ഈ സമ്പ്രദായത്തെ അവർ കഴിയുന്നതും വേഗത്തിൽ നിർത്തൽ ചെയ്യുവാൻ ശ്രമിക്കുകയുള്ളൂ. ലോകം എന്തെന്നു കൂടി അറിയാൻ സാധിക്കാത്തതായ ഈ ബാലികാ വിധവകൾക്കു് അവരുടെ ഇപ്രകാരമുള്ള ജീവിതത്തിൽ എന്തു സുഖമാണു് ഉണ്ടാകുവാൻ പോകുന്നതു്? സുഖാനുഭോഗികളും സ്വാർത്ഥതല്പരന്മാരുമായ ഈ സമുദായങ്ങളിലുള്ള പുരുഷന്മാർ ഉണ്ടോ സാധുക്കളായ ഈ ബാലികമാർ അനുഭവിക്കുന്ന കഷ്ടതകളെ പറ്റി ആലോചിക്കുവാൻ പോകുന്നു! സ്വാർത്ഥമതികളായ ഈ പുരുഷന്മാർ ഇതിലും വലിയ ഭയങ്കര കൃത്യങ്ങൾ അല്ലെ ഈ ബാലികമാരെ കൊണ്ടു് ചെയ്യിച്ചിരുന്നതു". "സതി" എന്ന ഭയങ്കര കൃത്യത്തെ ബ്രിട്ടീഷു ഗവർമ്മെണ്ടു നിർത്തൽ ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ഇന്നും ഈ സമുദായക്കാർ, വലിയ പരിഷ്കാരവും ജ്ഞാനവുമുള്ളവർ "അഹിംസാ പരമോധർമ്മ" എന്നു ഘോഷിക്കുന്നവർ യാതൊരു ദയാദാക്ഷിണ്യവും കൂടാതെ മാമൂൽ ആചാരമാണെന്നു പറഞ്ഞു് ഈ ഭയങ്കര കൃത്യത്തെ ഇന്നും നിലനിറുത്തിക്കൊണ്ടുപോരുമായിരുന്നില്ലെ!! ശൈശവകാലത്തു വിവാഹം കഴിക്കുന്നതു കൊണ്ടു് ഈ ബാലികമാർക്കു വിവാഹം എന്നാൽ എന്താണെന്നോ ഭർത്താവും ഭാര്യയും തമ്മിലുള്ള ബന്ധമെന്താണെന്നോ ഒരു പക്ഷേ ഭർത്താവു മരിക്കുന്നതായാൽ അവർക്കു് എപ്രകാരമുള്ള ഒരു ജീവിതമാണു് അനുഭവിക്കേണ്ടിവരിക എന്നുള്ളതിനെപറ്റിയോ ആലോചിക്കുവാനുള്ള ബുദ്ധിയോ തൻറേടമോ പ്രാപ്തിയോ ഉണ്ടാകുന്നില്ല. ഞാൻ ഇതിനു ഒരുദാഹരണം തന്നെ എടുത്തു പറയാം. രണ്ടു കൊല്ലങ്ങൾക്കു മുമ്പു എൻറെ ഒരു സ്നേഹിതയായ ബ്രാഹ്മണയുവതിയുടെ സഹോദരിയുടെ ഭർത്താവു മരിച്ചുവെന്നു കേട്ടപ്പോൾ ഞാൻ അവിടെ പോവുകയുണ്ടായി. ആ ബാലികയ്ക്കു വയസ്സു മാത്രമേ പ്രായമായിരുന്നുള്ളൂ. വിവാഹം കഴിഞ്ഞിട്ടു മൂന്നു മാസവുമായിരുന്നു. ഞാൻ അവിടെ പോയപ്പോൾ കണ്ട കാഴ്ച ഹൃദയഭേദകമായിരുന്നു. മകളുടെ വിധിയെ ഓർത്തു് മാതാപിതാക്കന്മാരും ബന്ധുക്കളും മറ്റും വ്യസനിച്ചുകൊണ്ടു് ഒരു മൂലയിൽ ഇരിക്കുന്നു. എന്നാൽ ഈ ബാലികയാകട്ടെ, തനിക്കു് വന്നിരിക്കുന്നതായ അത്യാപത്തിനെ പറ്റി അറിയുവാനുള്ള ബുദ്ധിയോ തൻറേടമോ ഇല്ലാതെ സംഗീതത്തിൽ അതിവാസനയുള്ള ആ ബാലിക മറ്റൊരു മൂലയിൽ പോയി ഹാർമോണിയം വെച്ചു പാടിക്കൊണ്ടിരിക്കുന്നതായ ആ കാഴ്ചയാണു് ഞാൻ കണ്ടതു്. മകളുടെ ഈ അവസ്ഥയെ കണ്ടിട്ടു മാതാപിതാക്കന്മാർ അത്യധികം വ്യസനിക്കുന്നു. ഞങ്ങളുടെ സമുദായത്തിൽ ശൈശവവിവാഹം നിർബ്ബന്ധമായതുകൊണ്ടു് മാത്രമാണല്ലൊ മകൾക്കു് ഈ ചെറുപ്രായത്തിൽ ഇപ്രകാരമുള്ള ഒരു ദുരിതം അനുഭവിക്കേണ്ടി വന്നതു് എന്നു പറഞ്ഞു് മാതാപിതാക്കന്മാർ കരയുകയുണ്ടായി. ഇതുപോലെയുള്ള സംഭവങ്ങൾ ഈ സമുദായങ്ങളിൽ ഒട്ടും തന്നെ അപൂർവ്വമല്ലെന്നുള്ളതു" ബഹുമാനപ്പെട്ട മെമ്പർമാർക്കു് എല്ലാവർക്കും അറിയാവുന്നൊരു സംഗതിയാണു്.

ഈ ബിൽ ഈ നിയമസഭയിൽ അവതരിപ്പിക്കാനുള്ള രണ്ടാമത്തെ കാരണം 12 വയസ്സിനു് താഴെയുള്ള ബാലികമാരെയെങ്കിലും ദാമ്പത്യജീവിത

LIBRARY ARCHIVES Kerala Legislative Assembly

ത്തിലേയ്ക്ക് തള്ളിവിടാതിരിക്കുവാൻ വേണ്ടിയാണ്. ഏഴും എട്ടും വയസ്സിൽ വിവാഹം കഴിച്ച് പത്തു പതിനൊന്നു വയസ്സാകുമ്പോഴേക്കും പ്രസവിച്ച് സന്താനങ്ങളുമുണ്ടായി കുടുംബഭരണത്തിനും പുറമെ ശിശുസംരക്ഷണവും കൂടി ഏറ്റെടുക്കേണ്ടി വരികയും തൻനിമിത്തം അവരുടെ ആരോഗ്യത്തിനു് എന്നു തന്നെയല്ല ചിലസന്ദർഭങ്ങളിൽ അവരുടെ ജീവനുംകൂടി അപായംനേരിടുകയും ചെയ്യുന്നുണ്ട്. അതിനും പുറമെ ബാല്യം വിട്ടിട്ടില്ലാത്ത മാതാവിൽനിന്നു ജനിക്കുവാനിടയുള്ള ശിശുവിനു് ശരിയായ ശക്തിയും പോഷണവും ലഭിക്കാതെ ശിശുക്കൾ അബലകളായി തീരുകയും അനവധി ശിശുക്കൾ മരിച്ചുപോവുകയും ചെയ്യുന്നു. ഇൻഡ്യയിലെ ശിശുമരണത്തിനുള്ള പ്രധാനകാരണം ഈ ശൈശവവിവാഹമാണ്. ശിശുക്കളെ വളർത്തുക എന്നുള്ളതു അത്ര നിസ്സാരമായ ഒരു കാര്യമല്ല. ൨൦, ൨൫ വയസ്സു പ്രായമായവർക്കു കൂടി ശിശുസംരക്ഷണം വളരെ ബുദ്ധിമുട്ടായി തോന്നുമ്പോൾ ഈ ൧൦-൦, ൧൫-൦ വയസ്സു പ്രായമുള്ള ബാലികമാരായ അമ്മമാരുടെ കഥ പറയാനുണ്ടോ? ഞാൻ മുൻപ്രസ്താവിച്ചുപോലെ അവർക്കു അവരുടെ ഗൃഹകൃത്യങ്ങൾ ചെയ്യേണ്ടി വരുന്നതിനു പുറമെ രാവും പകലും ഒരുപോലെ തങ്ങളുടെ സന്താനങ്ങൾക്കു വേണ്ടി ബുദ്ധിമുട്ടി ഉറക്കമൊഴിച്ചും മറ്റും തങ്ങളുടെ ആരോഗ്യത്തെ നിശ്ശേഷം നശിപ്പിച്ചുകളയുകയും തൻനിമിത്തം ക്ഷയം മുതലായ ഭയങ്കര രോഗം പിടിപെട്ട് അനവധി ബാലികമാർ അകാലമൃത്യുവിനു് ഇരയായിതീരുകയും ചെയ്യുന്നു. ബാലികമാരുടെ അമ്മമാരുടെ ആരോഗ്യമില്ലായ്മയെപ്പറ്റി Dr. Lancaster "Tuberculoses in India" എന്ന പുസ്തകത്തിലെഴുതിയിരിക്കുന്നതു ഞാനിവിടെ വായിക്കാം. "People forget the fearful strain upon the constitution of a delicate girl of 14 years or even less, which results from the thoughtless incontinence of the newly married boy or still more, the pitiless incontinence of the re-married man. Serious as these causes of strain are upon the health of the young married girl, they sink into insignificance in comparison with the stress of maternity which follows. It is a truism to say that the process connected with reproduction which, from one point of view, may be regarded as the most important of human functions should be allowed to take place under the most favourable conditions possible. Surely it would seem to be of fundamental importance that these processes should be delayed until the body as a whole shall have attained their full development and to be prepared for this great crisis. For in no other crisis of life does the ultimate result depend so much upon the physical condition of the body". And he pleads "Let even so much as two years be conceded, and in the place of 18 years which may be reckoned as a lower limiting age in ordinary cases of marriage in the west, let 16 years be the age which popular opinion shall regard as the normal one for marriage in this country. The result will be an incalculable gain in the health of the women of India as also in that of the children whom they bear".

അതുപോലെതന്നെ Dr. Campbell

LIBRARY ARCHIVES Kerala Legislative Assembly

Lady Principal, Lady Hardinge College, Delhi, ഇപ്രകാരം പറയുന്നു. "She had attended more than thousand Hindu girls for child births at the ages of 12 to 16 years and the effects seen in them and in others under observation or treatment as a result of early child bearing could be hardly exaggerated. Tuberculosis was very often developed during pregnancy or lactation as the resistance of the tissues was lowered by the strain, unnatural at so early an age. This is the reason why Tuberculosis was much more common in girls than boys. About 40 per cent of the children of girl mothers died in the first year and those who survived were weaklings".

ഇനി വിദ്യാഭ്യാസത്തിന്റെ കാര്യം പറയുകയാണെങ്കിൽ നിർബ്ബന്ധ ശൈശവ വിവാഹത്തെ അനുകരിക്കുന്ന സമുദായങ്ങളിലെ ബാലികമാർക്ക് മറ്റു സമുദായങ്ങളിലെ ബാലികമാരെപ്പോലെ വിദ്യാഭ്യാസം സിദ്ധിക്കുവാനുള്ള സൌകര്യം കിട്ടുന്നില്ല. ൭-൦, ൮-൦ വയസ്സിൽ വിവാഹം കഴിഞ്ഞു ൧൦-൦, ൧൧-൦ വയസ്സിൽ അമ്മമാരായി ജീവിതത്തിൽ പ്രവേശിക്കേണ്ടിവരുമ്പോൾ അവർക്ക് വിദ്യാഭ്യാസത്തിനുള്ള സൌകര്യം എങ്ങിനെ ഉണ്ടാകുന്നു. ൧൯൩൧-ലെ കാനേഷുമാരി കണക്കിൽ നിർബ്ബന്ധ ശൈശവ വിവാഹം അനുകരിക്കുന്ന സമുദായങ്ങളിലെ സ്ത്രീകൾക്ക് വിദ്യാഭ്യാസം വളരെ കുറഞ്ഞിട്ടാണ കാണുന്നതു്. ഇതിനുള്ള പ്രധാനമായ കാരണം നിർബ്ബന്ധ ശൈശവ വിവാഹം തന്നെമാത്രമാണെന്നു് Census Commissioner അവർകൾതന്നെ അഭിപ്രായപ്പെട്ടിട്ടുണ്ടു്. അദ്ദേഹത്തിന്റെ ആ അഭിപ്രായത്തോടുകൂടിതന്നെയാണു് ഞാനും യോജിക്കുന്നതു്. അതിനും പുറമെ ൧൯൩൧-ലെ കാനേഷുമാരി കണക്കിൽ ൧൫ വയസ്സിനു താഴെയുള്ള ബുദ്ധിക്കു സ്ഥിരതയില്ലാത്ത ബാലികമാരുടെ എണ്ണത്തേക്കാൾ ഇരട്ടിയാണു് ൧൯൨൧-ലെ കാനേഷുമാരി കണക്കിൽ കാണുന്നതു്. ഇതിൽ കുട്ടംതന്നെ അതിശയമില്ല. എന്തുകൊണ്ടെന്നാൽ ശൈശവത്തിൽ വിവാഹം കഴിച്ചു് ഒരുപക്ഷേ ഭർത്താവു് മരിക്കുന്നതായാൽ വിധവകളായി അവർക്കു അനുഭവിക്കേണ്ടിവരുന്നതായ നരകത്തിനു തുല്യമായ ജീവിതത്തെപ്പറ്റി ആലോചിച്ചു വ്യസനിച്ചും ഭയപ്പെട്ടും, വിധവകളല്ലാത്ത ബാലികമാർക്കാണെങ്കിൽ മറ്റു സമുദായങ്ങളിലെ ബാലികമാരെ പോലെയുള്ള വിദ്യാഭ്യാസമൊ സ്വാതന്ത്ര്യമൊ സിദ്ധിക്കാതെ, ശൈശവ വിവാഹം നിർബ്ബന്ധമായതുകൊണ്ടു മാത്രമാണല്ലൊ തങ്ങൾക്കു മൃഗങ്ങളെപ്പോലെയുള്ള ഒരു ജീവിതം നയിക്കേണ്ടിവരുന്നതു് എന്നു വിചാരിച്ചു് വ്യസനിച്ചു് മനസ്സിനെ പുണ്ണാക്കിയിട്ടുമാണു് ബുദ്ധിക്കു സ്ഥിരതയില്ലാതെ വരുന്നതു എന്നാണു് എന്റെ അഭിപ്രായം. ബുദ്ധിക്കു സ്ഥിരതയില്ലാത്തവരുടെ എണ്ണം കുഴിയുന്നതും കുറക്കുവാനുള്ള ശ്രമം ചെയ്യേണ്ടതു് ഏതു ഗവൺമെൻറിന്റേയും മുമതലയാണു്. അതുകൊണ്ടു് ബഹുമാനപ്പെട്ട ഗവൺമെൻറ് ഈ ഒരു കാര്യം വിചാരിച്ചെങ്കിലും എന്റെ ഈ ബില്ലിനെ പിൻതാങ്ങുമെന്നു് വിശ്വസിക്കുന്നു.

ഈ ബിൽ അവതരിപ്പിക്കുവാനുള്ള മൂന്നാമത്തെ കാരണം, അവനവന്റെ ചിലവിനുകൂടി വഴി കാണാതെ കഷ്ടപ്പെടുന്ന ൧൫ വയസ്സിൽ താഴെയുള്ള യുവാക്കന്മാർക്കു് തങ്ങളുടെ ഭാര്യമാരേയും സന്താനങ്ങളേയും കൂടി പരിപാലിക്കേണ്ടിവരുന്ന മുമതലയെങ്കിലും ഇല്ലാതാക്കണമെന്നു ഉദ്ദേശിച്ചും അവരുടെ ആരോഗ്യത്തെ ആലോചിച്ചുമാണു്. ഞാൻ എന്റെ ബില്ലിൽ സ്ത്രീക്കു ൧൮ വയസ്സും പുരുഷനു ൨൦ വയസ്സുമാണു് വിവാഹ പ്രായമായി വെയ്ക്കണമെന്നു

LIBRARY ARCHIVES Kerala Legislative Assembly

നിശ്ചയിച്ചിരുന്നതു്. പക്ഷെ ബ്രിട്ടീഷിൻഡ്യയിലെ ബില്ലിൽ സ്ത്രീക്കു പ്രാ-ം പുരുഷനു പ്രാ-ം എന്നു കണ്ടതുകൊണ്ടും ഒരുപക്ഷെ എന്റെ ബില്ലിൽ വല്ല ഭേദഗതിയും വരുത്തുന്നതായാൽ ആ ഒരു കാര്യം പറഞ്ഞു് ബഹുമാനപ്പെട്ട ഗവ്മെൻറു് ഈ ബില്ലിനെ എതിർത്തെങ്കിലോ എന്നു ഭയപ്പെട്ടിട്ടുമാണു് പ്രാ-ം, പ്രാ-ം വയസ്സുതന്നെ ആക്കിയതു്. പ്രാ വയസ്സിനു താഴെ പുരുഷന്മാർ വിവാഹം കഴിക്കുന്ന സമ്പ്രദായം ചിറയ്ക്കീഴ് താലൂക്കിലുള്ള എർവാള സമുദായമൊഴികെ മറ്റെല്ലാ സമുദായങ്ങളിലും ഉണ്ടെന്നു പറയാതെ നിവൃത്തിയില്ല. എർവാള സമുദായത്തിലാകട്ടെ ഒരു പുരുഷനു ഒരു കുട്ടിബത്തെ പുലത്തിക്കൊണ്ടുവരുവാനുള്ള പ്രാപ്തി വന്നതിനുശേഷമെ വിവാഹം കഴിക്കുവാൻ സമ്മതിക്കുന്നുള്ളു. അതുപോലെതന്നെ കൊച്ചീരാജ്യത്തിലെ കാദർ എന്ന സമുദായത്തിലും പെൺകുട്ടികളെ ഋതുവായതിനു ശേഷമേ വിവാഹം ചെയ്യുവാൻ സമ്മതിക്കുന്നുള്ളു. വിദ്യാഭ്യാസം തീരെയില്ലാത്ത ഈ രണ്ടു സമുദായങ്ങളേയും മറ്റു സമുദായങ്ങൾ ഒരു മാതൃകയായി ഈ കാര്യത്തിൽ എടുക്കേണ്ടതാണു്.

ഈ ബിൽ അവതരിപ്പിക്കുവാനുള്ള നാലാമത്തെ കാരണം ഏ ഠ-ം, ഏ ഋ-ം വയസ്സു പ്രായമുള്ള പട്ട വൃദ്ധന്മാർ ഏ -ം, വ -ം വയസ്സു പ്രായമുള്ള ബാലികമാരെ വിവാഹം ചെയ്യാതിരിക്കുവാൻ വേണ്ടിയാണു്. എത്രത്തോളം കാലം ഈ ശൈശവ വിവാഹ സമ്പ്രദായം നിലനില്ക്കുമോ അത്രത്തോളം കാലം ഈ ഭയങ്കര കൃത്യം നിലനിന്നുപോരുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. ഇതിനു ഞാൻ ഒരു ഉദാഹരണംതന്നെ എടുത്തുപറയാം. അഞ്ചാറു മാസങ്ങൾക്കു മുമ്പു് തിരുനെൽവേലിയിൽവെച്ചു് നൂറു വയസ്സുള്ള ഒരു വൃദ്ധനായ വക്കീൽ പ്രാ വയസ്സുള്ള ഒരു ബാലികയെ വിവാഹം കഴിക്കാൻ നിശ്ചയിക്കുകയും എന്നാൽ കോൺഗ്രസ്സുകാർ ഈ വിവരം അറിഞ്ഞു് വിവാഹത്തെ മുടക്കിയെങ്കിലും വേറെ ഒരു ദിവസം വളരെ ശ്രദ്ധയായി ആ വിവാഹം നടത്തുകയും ചെയ്ത വിവരം ബഹുമാനപ്പെട്ട മെമ്പർമാർ എല്ലാവരും പത്രങ്ങളിൽ നിന്നും വായിച്ചിട്ടുണ്ടായിരിക്കുമെന്നു് വിശ്വസിക്കുന്നു. മാതാപിതാക്കന്മാർ ബാലികമാരെ വയോവൃദ്ധന്മാക്കു വിവാഹം കഴിച്ചു കൊടുക്കുന്നതു് തങ്ങളുടെ കുട്ടികളെ നരബലി കഴിക്കുന്നതിനു് സമമാണെന്നു് മാത്രമെ എനിക്കു പറയുവാനുള്ളു. ശൈശവ വിവാഹം കഴിയുന്നതും വേഗം നിറുത്തൽ ചെയ്യുന്നതായാൽ മാത്രമേ ഈ ഭയങ്കര നടപടിയ്ക്കു് ഒരു നിവാരണമുണ്ടാകയുള്ളു.

ശൈശവ വിവാഹം കൊണ്ടുണ്ടാകുന്ന ദുഷ്യങ്ങളെക്കുറിച്ചു് ഞാൻ പറഞ്ഞുകഴിഞ്ഞു. ഇനി ഈ സമ്പ്രദായം എപ്പോൾ നടപ്പിൽ വന്നു എന്നും അതിനുള്ള കാരണങ്ങൾ എന്താണെന്നും അതു് നിറുത്തൽ ചെയ്യുന്നതിനു് മത സംബന്ധമായി വല്ല വിരോധവുമുണ്ടോ എന്നുമുള്ളതിനെപ്പറ്റിയാണു് ഇനി നാം ആലോചിക്കേണ്ടതു്. മനു മുതലായ പണ്ഡിതന്മാർ എഴുതിയിരിക്കുന്നതു് ഒരു ബാലിക ഋതുവായി മൂന്നു കൊല്ലം കഴിഞ്ഞതിനുശേഷമേ വിവാഹം കഴിക്കുവാൻ പാടുള്ളുവെന്നാണു്. ശൈശവ വിവാഹത്തെപ്പറ്റി ഒന്നുംതന്നെ എഴുതിക്കാണുന്നില്ല. അതുപോലെതന്നെ വൈദ്യശാസ്ത്രത്തിൽ അതി നിപുണന്മാരായ ഭാവ്ഭാതാ, സുശ്രുത മുതലായ പണ്ഡിതന്മാർ എഴുതിയിരിക്കുന്നതു് ഭാര്യയും ഭർത്താവുമായി താമസിക്കുന്നതിനു് പുരുഷനു ചുരുങ്ങിയതു് ക ഠ വയസ്സും സ്ത്രീക്കു് ചുരുങ്ങിയതു് ഫ ന വയസ്സും വേണമെന്നാണു്. പരാശരസ്മൃതിയെഴികെ മറ്റൊന്നിലും ശൈശവ വിവാഹത്തെക്കുറിച്ചു് എഴുതിക്കാണുന്നില്ല. സ്മൃതികളെല്ലാം മനുഷ്യർ ഉണ്ടാക്കുന്ന നിയമങ്ങളാണല്ലൊ. അതു് കാലോചിതം പോലെ പരിഷ്ക്കരിക്കുന്നതിനും വലിയ പണ്ഡിതന്മാക്കും മാറ്റാവു

LIBRARY ARCHIVES Kerala Legislative Assembly

ന്നതാണ്. അപ്രകാരം കാലോചിതംപോലെ മാറ്റമുണ്ടെന്നാണെന്ന് മന്ത്രിതന്നെ അഭിപ്രായപ്പെട്ടിട്ടുണ്ട്. കാലോചിതംപോലെ സ്മൃതിക്ക് എതിരായി പലേ പരിഷ്കാരങ്ങളും വരുത്തീട്ടുണ്ട് എന്നുള്ളതിന്ന പലേ ഉദാഹരണങ്ങളുമുണ്ട്. മിശ്രവിവാഹം മിശ്ര ഭോജനം എന്നിവ സ്മൃതിയിൽ നിരോധിച്ചിട്ടുണ്ട്. എന്നാൽ ഹിന്ദു മതത്തിൽ നിരോധിച്ചിട്ടുമില്ല. മതത്തിൽ നിരോധിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ ആരും അതിന്ന് വിപരീതമായി നടക്കുകയില്ല. ഹിന്ദു മതം ആചരിക്കുന്നതായ സമുദായങ്ങൾ സ്മൃതിക്ക് എതിരായി നടക്കുന്നില്ലേ? ഹിന്ദു മതത്തിലെ ശ്രേഷ്ഠ സമുദായമായ ബ്രാഹ്മണ സമുദായം തന്നെ സ്മൃതികൾക്കെതിരായി നടക്കുന്നില്ലേ എന്ന് ഞാൻ ബഹുമാനപ്പെട്ട നെല്ലായി മെമ്പർ അവർകളോട് ചോദിച്ചുകൊള്ളുന്നു. (ഹിയർ, ഹിയർ). സ്മൃതിയിൽ ബ്രാഹ്മണക്ക് പ്രഭാതസ്നാനം, ഗായത്രിജപം, സന്ധ്യാവന്ദനം, ഹോമം മുതലായവ നിബ്ബന്ധമായി പറയുന്നുണ്ട്. എന്നാൽ അപ്രകാരം അനുഷ്ഠിക്കുന്നവർക്ക് ഒന്നുവീതം ബ്രാഹ്മണർ ഉണ്ടോ എന്ന് ഞാൻ ബഹുമാനപ്പെട്ട നെല്ലായി മെമ്പർ അവർകളോടും ബഹുമാനപ്പെട്ട നെമ്മാറ മെമ്പർ അവർകളോടും ചോദിച്ചുകൊള്ളുന്നു. ഇല്ല എന്നുള്ള എന്റെ അഭിപ്രായത്തോടുകൂടി അവക്ക് യോജിക്കാതെ യാതൊരു നിവർത്തിയുമില്ല. ഇതുപോലെതന്നെ സ്മൃതിക്ക് എതിരായി എത്രയെല്ലാം പരിഷ്കാരങ്ങളാണ് ഈ സമുദായങ്ങളിലെ പുരുഷന്മാർ അനുകരിച്ചു വരുന്നത്. ഞാൻ ഇതെല്ലാം പറയുന്നതുകൊണ്ട് ബ്രാഹ്മണരേയും മറ്റും കുറ്റം പറയുകയാണെന്നു തെറ്റിധരിക്കാതിരിക്കുവാൻ അപേക്ഷിച്ചുകൊള്ളുന്നു. കാലോചിതംപോലെ ഓരോ പരിഷ്കാരങ്ങൾ വരുത്തേണ്ടതു് ഏറ്റവും അത്യാവശ്യമാകുന്നു. എന്നാൽ പുരുഷന്മാരുടെ സൌകര്യത്തിന്ന വേണ്ടി വരുത്തുന്ന ഓരോ മാറ്റങ്ങളോടൊപ്പം തന്നെ സ്ത്രീകൾക്കും ചില മാറ്റങ്ങൾ ചെയ്തുകൊടുക്കേണ്ടതു് പുരുഷന്മാരുടെ കടമയും ചുമതലയുമാണെന്ന മാത്രമെ എനിക്ക് പറയുവാനുള്ളൂ. (ചിരി). സ്ത്രീകളെ ശുദ്ധ മൃഗങ്ങളെപ്പോലെ കരുതാതിരിക്കുവാൻ അപേക്ഷിച്ചുകൊള്ളുന്നു. ശൈശവ വിവാഹം അടുത്ത കാലത്തുമാത്രം നടപ്പിൽ വന്നിട്ടുള്ളതാണ്. പുരാണകാലത്തു നടപ്പിലുണ്ടായിരുന്നില്ലെന്നു പുരാണങ്ങളിൽ നിന്ന് മനസ്സിലാകുന്നതാണ്. പുരാണകാലത്തു ഈ സമ്പ്രദായം ഉണ്ടായിരുന്നുവെങ്കിൽ പാഞ്ചാലിക്കു പാണ്ഡവന്മാരേയും, സുഭദ്രയ്ക്കു അർജ്ജുനനേയും, രുക്മിണിക്കു ശ്രീകൃഷ്ണനേയും വിവാഹം കഴിക്കുവാൻ സാധിക്കുമായിരുന്നുവൊ? കർണ്ണാടകത്തിലെ ശ്രേഷ്ഠ ബ്രാഹ്മണർ ബ്രിട്ടീഷ് ഇന്ത്യയിൽ ശാരദാ ആക്ട് നടപ്പിൽ വരുന്നതിനു എത്ര എത്ര കൊല്ലങ്ങൾക്കു മുമ്പുതന്നെ ജാതിഭ്രഷ്ടിനെറയൊന്നും കണക്കാക്കാതെ, അവരുടെ പെൺകുട്ടികളെ പ്രായമായതിന്നു ശേഷം മാത്രമെ വിവാഹം ചെയ്തു കൊടുത്തിരുന്നുള്ളൂ. ഹിന്ദുമതത്തിൽ ശൈശവ വിവാഹം നിബ്ബന്ധമായി പറഞ്ഞിട്ടുണ്ടായിരുന്നുവെങ്കിൽ ഈ ശ്രേഷ്ഠ ബ്രാഹ്മണർ പ്രായമായതിന്നുശേഷമുള്ള വിവാഹത്തെ പ്രോത്സാഹിപ്പിക്കുകയില്ലായിരുന്നു. ഇതിൽ നിന്നു തന്നെ നമുക്ക് മനസ്സിലാക്കാവുന്നതാണ് മതവും സ്മൃതിയും തമ്മിൽ യാതൊരു ബന്ധവുമില്ല എന്ന്. ഈ സമ്പ്രദായം അടുത്ത കാലത്തു നടപ്പിൽ വന്നിട്ടുള്ളതാണെന്നു ഞാൻ മുൻ പ്രസ്താവിച്ചുവല്ലൊ. ഇതു നടപ്പിൽ വരുത്തുവാനുള്ള കാരണങ്ങൾ എന്താണെന്ന് ആലോചിച്ചു നോക്കുക. ഇന്ത്യയിൽ പണ്ടു ഉണ്ടായ പല ആക്രമണ കാലത്തു മാതാപിതാക്കന്മാർ ഭയപ്പെട്ട തങ്ങളുടെ കുട്ടികളുടെ ചാരിത്ര ശുദ്ധിക്ക് ഭംഗം വന്നെങ്കിലൊ എന്ന് വിചാരിച്ചു പ്രായമാകുന്നതിന്നുമുമ്പു കുട്ടികളെ വിവാഹം കഴിച്ചുകൊടുത്തു തങ്ങളുടെ ചുമതല ഒതുക്കുവാൻ വേണ്ടി നടപ്പിൽ വരു

LIBRARY ARCHIVES Kerala Legislative Assembly

ത്തിയ ഒരു ഏറ്റുപോണിതു്. എന്നാൽ പുരുഷന്മാർക്കു് മിതമായും വിവേചനപൂർവ്വമായും ഗൃഹകൃത്യങ്ങൾ നിർവ്വഹിച്ചുകൊണ്ടുവരുവാൻ ഒരു സൌകര്യമുള്ള ഏറ്റുപോയി കണ്ടതുകൊണ്ടു് അവർ ഈ സമ്പ്രദായത്തെ പ്രോത്സാഹിപ്പിച്ചു വന്നതാണു്. പുരുഷന്മാർ തങ്ങളുടെ സുഖത്തെയും സൌകര്യത്തെയും മാത്രം മുൻനിറുത്തി സാധുക്കളായ ഈ ബാലികമാരെ ഇപ്രകാരം കഷ്ടപ്പെടുത്തുവാനുള്ള മനഃസ്ഥിതി ഇനിയും ഈ സമുദായങ്ങളിലെ പുരുഷന്മാരിൽ നിന്നും വിട്ടുപോയി കാണാത്തതിൽ ഞാൻ അത്യന്തം വ്യസനിക്കുകയും സാധുക്കളായ ബാലികമാരുടെ വിധിയെ ഓർത്തു സഹതപിക്കുകയും ചെയ്യുന്നു. മിസ്സ്. മേയോവിന്റെ "Mother India" എന്ന പുസ്തകത്തിൽ ശൈശവവിവാഹത്തെപ്പറ്റി വളരെയെല്ലാം എഴുതീട്ടുണ്ടെങ്കിലും ഞാൻ അതൊന്നും ഇവിടെ എടുത്തുപറയണമെന്നു വിചാരിക്കുന്നില്ല. എന്നാൽ Mr. John Gunther ന്റെ "Inside Asia" എന്ന പുസ്തകത്തിൽ p. 441-ൽ അദ്ദേഹം പറഞ്ഞിട്ടുള്ളതു വായിക്കാതെ നിവർത്തിയില്ല.

"We have had glimpse of this in connection with Mr. Gandhi and anyone who has read Katherine Mayo's heart-breaking *Mother India* knows its collossal cost in blood, suffering and degradation. Little girls are betrothed sometimes before they can talk, they are married at puberty or before; and not all husbands wait till even puberty to begin sexual relations. Men of 50 may marry girls of ten. Shattered by excessive child bearing, deprived of the possibility of education, often treated worse than cattle, the girl children of India have a good cause for grievance against the laws, customs, inflicted on them by the mythology of their country".

പുരാണങ്ങളിൽ എവിടേയും പറയാത്ത ഈ ദുഷിച്ച സമ്പ്രദായം ഇന്ത്യയിൽ നമ്മുടെ പരിഷ്കരിച്ച കൊച്ചി രാജ്യത്തിൽ മാത്രമെയുള്ളൂ. ബ്രിട്ടീഷിന്ത്യയിലും മൈസൂർ, ബറോഡ Rapal, Rajaputana States മുതലായ പ്രധാനപ്പെട്ട എല്ലാ നാട്ടുരാജ്യങ്ങളും ഈ ശൈശവ വിവാഹ നിരോധനം നടപ്പിൽ വരുത്തീട്ടുണ്ടു്. നമ്മുടെ അയൽ രാജ്യമായ തിരുവിതാംകൂറിൽ ഇതുപോലെയുള്ള ഒരു ബിൽ അവിടത്തെ മഹിളാമെമ്പർ നിയമസഭയിൽ അവതരിപ്പിക്കുകയും അടുത്ത സെഷനിൽ അതിന്റെ മൂന്നാം വായന കഴിയുകയും ചെയ്യുന്നതാണു്. അതു അടുത്തു തന്നെ നടപ്പിൽ വരുത്തുകയും ചെയ്യും. കാലോചിതം പോലെ പല പരിഷ്കാരങ്ങളും വരുത്തി ഓരോ സമുദായങ്ങളേയും അഭിവൃദ്ധിയിൽ കൊണ്ടുവരേണ്ടതു് ഏതു ഗവൺമെണ്ടിന്റേയും ചുമതലയാണു്. ടർക്കി, അഫ്ഗാനിസ്ഥാൻ മുതലായ രാജ്യങ്ങളിലെ കഥ തന്നെ എടുത്തു നോക്കുക. അവിടത്തെ പർദാ സമ്പ്രദായം ഇപ്പോൾ എവിടെ പോയി? അവിടത്തെ മാമൂൽപ്രിയന്മാരുടെ വാക്കിനു് എന്തു വിലയാണു് ഉണ്ടായിരുന്നതു്? രജപുട്ടാണയിൽ വരുത്തീട്ടുള്ള പരിഷ്കാരങ്ങളെ പറ്റി മിസ്റ്റർ എൽ. കെ. അനന്തകൃഷ്ണയ്യർ എഴുതീട്ടുള്ളതിനെ ഇവിടെ വായിക്കാം.

"In this connection it will be interesting to note the excellent example which the Rajput clans have set and which deserves to be allowed throughout India. Themselves among the purest representatives of the Indo-Aryan type, they have revived the best traditions

LIBRARY ARCHIVES Kerala Legislative Assembly

of the *Vedic* age have established for themselves the ordinance that no girl shall be married before she is fourteen years old and that the marriage expenses shall in no case exceed a certain proportion of the father's yearly income. That, I venture to think, is the aim which those who would reform society should for the present, set before themselves. If they succeed in doing for India what Colonel Walter did for Rajaputana, they will achieve more than any Indian reformer has yet accomplished. To bring back the *Vedas* is no unworthy ideal".

ഞാൻ മിസ്റ്റർ എൽ. കെ. അനന്തകൃഷ്ണയ്യരുടെ "Cochin Tribes and Castes" എന്ന പുസ്തകത്തിൽ നിന്നു പല ഭാഗങ്ങളും ഇവിടെ എടുത്തു വായിക്കുകയുണ്ടായി. അദ്ദേഹം ഒരു വലിയ സാമൂൽപ്രിയനായ ബ്രാഹ്മണനാണെന്നു് ബഹുമാനപ്പെട്ട മെമ്പറന്മാർ എല്ലാവരും ഓർക്കേണ്ടതാണു്. അദ്ദേഹം ഈപുസ്തകമെഴുതിയതു് ഫൗണ്ടേഷൻ ശരിയാ ആക്ടു് നടപ്പിൽവരുന്നതിനു മുമ്പു കൊല്ലങ്ങൾക്കു മുമ്പാണു്. അതുകൊണ്ടു ശരിയാ ആക്ടിനെ അടിസ്ഥാനമാക്കിയാണു ഈ പുസ്തകമെഴുതിട്ടുള്ളതെന്നു പറയാൻ നിവൃത്തിയില്ല. അദ്ദേഹം അദ്ദേഹത്തിന്റെ സമുദായത്തിലുള്ള സ്ത്രീകളുടെ ദയനീയമായ സ്ഥിതിയെ ഓർത്തു് വളരെ വ്യസനത്തോടുകൂടി എഴുതിയ ഭാഗങ്ങളാണു് ഇതു്. ഇതിൽ നിന്നു തന്നെ നമുക്കു് മനസ്സിലാക്കാവുന്നതാണു് ഈ സമുദായത്തിലുള്ള പരിഷ്കൃതരും ജ്ഞാനവൃദ്ധരുമായ സാമൂൽപ്രിയന്മാരുടെ അഭിപ്രായം എന്താണെന്നുള്ളതു്. ശാസ്ത്രങ്ങളേയും പുരാണങ്ങളേയും മറവു വലിച്ചിഴച്ചുകൊണ്ടുവന്നു് എന്റെ ഈ ബില്ലിനെ എതിർക്കുവാൻ ഞാൻ ബഹുമാനപ്പെട്ട നെല്ലായി മെമ്പർ അവർകളോടു് അപേക്ഷിച്ചുകൊള്ളുന്നു. ഇതുപോലെയുള്ള ദയനീയകൃത്യം അനുഷ്ഠിക്കുന്നതിനു് വിരോധമില്ലെന്നു് പറയുന്ന വല്ല സ്മൃതികളും ഉണ്ടായേക്കാവുന്നതാണു്. സതി എന്ന ദയനീയകൃത്യം ശരിയാണെന്നു പറയുന്ന സ്മൃതികളും ഉണ്ടായേക്കാം. അതുകൊണ്ടു വല്ല ശാസ്ത്രത്തേയും പുരാണത്തേയും അടിസ്ഥാനപ്പെടുത്തി ഈ ബില്ലിനെ എതിർക്കുന്ന ബഹുമാനപ്പെട്ട മെമ്പർമാരോടു് നമ്മുടെ ദിവാൻ പ്രസിദ്ധനാണു് അവർകളും തന്നെ സെൻട്രൽ അസംബ്ലിയിൽ "Age of Consent Bill" നെ കുറിച്ചു നടന്ന വാഗ്വിവാദാവസരത്തിൽ പറഞ്ഞ വാക്കുകളും തന്നെ ഞാനിവിടെ എടുത്തു വായിക്കാം.

"The fact that a so called marriage rite precedes the commission of a crime does not and cannot justify that crime. I have no doubt that if you were to ask a Cannibal he would plead his religion for the heinous act he does".

ബഹുമാനപ്പെട്ട ശിവമ്മേനോൻ എന്റെ ബില്ലിനെ സന്തോഷപൂർവ്വം പിൻതാങ്ങുമെന്നു് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. All India Women's Conference ശൈശവ വിവാഹത്തെ കഴിയുന്നതും വേഗം നിർത്തലാക്കണമെന്ന പ്രമേയം പാസ്സാക്കിട്ടുണ്ടു്. അതുപോലെ കൊച്ചി രാജ്യത്തെ എല്ലാ വനിതാസമാജങ്ങളും ശൈശവ വിവാഹത്തെ നിർത്തൽ ചെയ്യണമെന്നുള്ള പ്രമേയം പാസ്സാക്കിട്ടുണ്ടു് എന്നുള്ള സംഗതി ഈ സഭയുടെ ദൃഷ്ടിയിൽപ്പെടുത്തിക്കൊള്ളുന്നു. ഈ സഭയിലുള്ള നോമിനേറ്റഡ് മെമ്പറന്മാരും ഇൻറിപെൻഡന്റ് മെമ്പറന്മാരും എന്റെ ബില്ലിനെ അനുകൂലിക്കുമെന്നു വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇന്നലെ ശ്രീകരിച്ച പ്രോഗ്രസ്സീവ് പാർട്ടിക്കാർ അവരുടെ പാർട്ടിയുടെ നാമധേയം കൊണ്ടു തന്നെ എന്റെ ഈ ബില്ലിനെ അതിശക്തിയായി പിൻതാങ്ങുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഇനി ഞാൻ ഈ സഭയിലെ രണ്ടു കോൺഗ്രസ്സ് കക്ഷിക്കാരേയും മഹാത്മാഗാന്ധിജി ഫൻഡ് -ൽ മദ്ദാസു സന്ദർശിച്ച അവസരത്തിൽ "Abolition of child widows" എന്ന വിഷയത്തെ കുറിച്ച് അദ്ദേഹം സംസാരിച്ച അവസരത്തിൽ അദ്ദേഹം പറഞ്ഞ വാക്കുകളെ തന്നെ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

Mahathma Gandhi said that there was no warrant for this kind of widowhood in Hinduism and he exclaimed with intense grief and agony of mental pain, "I have often said in secret to God: if you want me to live Oh! God, why do you make me a witness to these tragedies ?

ഈ വാക്കുകളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു രണ്ടു കോൺഗ്രസ്സ് കക്ഷിക്കാരും എന്റെ ബില്ലിനെ പിൻതാങ്ങുമെന്നുള്ള പൂർണ്ണവിശ്വാസത്തോടു കൂടി ഞാൻ ഈ ബില്ലിനെ സഭയുടെ അംഗീകാരത്തിനായി ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

Mrs. Menon

മിസ്സിസ്സ്. സി. ആർ. ഇയ്യുണ്ണി : സർ, എന്റെ മാന്യ സ്നേഹിത അവതരിപ്പിച്ച ബില്ലിനെ ഞാൻ പിന്താങ്ങുന്നു. ഈ തീരത്തിൽ ഒരു ബില്ല് ബ്രിട്ടീഷ് ഇന്ത്യയിൽ പാസ്സായിട്ട ഏതാനും കൊല്ലങ്ങളായി. മാമൂൽപ്രിയന്മാരുടെ വലിയ എതിർപ്പും അതിനുണ്ടായിരുന്നു. ഇപ്പോൾ ഈ നിയമം അനുസരിച്ച് എല്ലാവരും നടന്നു വരികയും ചെയ്യുന്നുണ്ട്. ഈ സമ്പ്രദായം എങ്ങിനെയുണ്ടായിയെന്നു അന്വേഷിക്കേണ്ടകാര്യം ഇപ്പോൾ ഇല്ലാതായിട്ടുണ്ട്. ശൈശവവിവാഹംകൊണ്ട് പലദോഷങ്ങളും ഉണ്ടാകുന്നുണ്ടെന്നും ഈ പരിഷ്കാര കാലത്തിനു ഇതു യോജിച്ചതല്ലെന്നും ആരും സമ്മതിക്കും. വിവാഹത്തിന്റെ ആവശ്യകത സുഭോഗ്യമായ കുടുംബജീവിതവും ആരോഗ്യദൃഢഗാത്രരായ പുത്രോല്പാദനവും ആണല്ലൊ. വിവാഹം എന്നതു് ഇന്നതെന്നു മനസ്സിലാവാത്തവരും, ബുദ്ധിവികാസമോ, വിവേചനാശക്തിയോ, പറയത്തക്ക അറിവോ ഇല്ലാത്തവരും ആയ രണ്ടു കുട്ടികളെ അഭേദ്യമായ ഒരു ബന്ധത്തിൽ ഉൾപ്പെടുത്തുന്നതു" പ്രത്യക്ഷത്തിൽ ന്യായീകരിക്കാവുന്നതല്ല. എന്നുമാത്രമല്ല സുഭോഗ്യമായ കുടുംബജീവിതത്തിനു പര്യാപ്തവുമല്ല. ദമ്പതികൾ തമ്മിലുള്ള യോജിപ്പിനു അവരുടെ മനസ്സു തമ്മിൽ ഇണക്കമുണ്ടായിരിക്കണമെന്നും സ്വഭാവത്തിൽ ഐകരൂപ്യമോ, യോജിപ്പോ ഉണ്ടായിരിക്കണമെന്നും ആരും സമ്മതിക്കും. കുട്ടിപ്രായത്തിൽ, അതായതു് ബുദ്ധിയും വിവേചനാശക്തിയും വികസിക്കുന്നതിനു മുമ്പായി അവരുടെ സ്വഭാവം ഏതുവിധത്തിലായിരിക്കുമെന്നു ഊഹിക്കുവാൻ തന്നെ സാദ്ധ്യമല്ല. അങ്ങിനെയിരിക്കുന്ന കാലത്തു രണ്ടുകുട്ടികളെ മാതാപിതാക്കന്മാർ മരണം വരെ ഒത്തൊരുമിച്ചു കഴിച്ചു കൂട്ടേണ്ടതായ ബന്ധത്തിൽ ഉൾപ്പെടുത്തുന്നതു് കുറഞ്ഞപക്ഷം വളരെ സാഹസം എന്നു പറയാതെ നിവൃത്തിയില്ല. പലപ്പോഴും ഇങ്ങിനെയുള്ള ദമ്പതികളുടെ ജീവിതം നരകജീവിതമായി പരിണമിക്കുകയും ചെയ്യുന്നുണ്ട്. പരുഷപ്രാപ്തിയായതിനു ശേഷം സ്വമനസ്സാലെ വിവാഹബന്ധത്തിൽ ഏർപ്പെടുന്നവർക്കു തങ്ങളുടെ കുടുംബജീവിതം സുഭോഗ്യകരമായി പരിണമിച്ചില്ലെങ്കിൽ പരിതാപപ്പെടുന്നതിനോ ഇച്ഛാഭംഗപ്പെടുന്നതിനോ കാരണമില്ല. നേരെ മറിച്ചു രക്ഷകർത്താക്കന്മാരുടെ ബുദ്ധിശൂന്യമായ പ്രവൃത്തി

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് അസമാധാനവും അസന്തുഷ്ടിയും കുടുംബജീവിതത്തിൽ നേരിടുന്ന പക്ഷം ദമ്പതികളുടെ നൈരാശ്യത്തിനു ഒരാശ്വാസം ഉണ്ടാകുകയില്ലെന്നു മാത്രമല്ല അവരുടെ ശാപവും കൂടി രക്ഷകർത്താക്കളുടെ തലയിൽ വന്നു ചേരുന്നതിനും ഇടയുണ്ടാകാം.

മാതൃത്വം വഹിക്കാൻ പ്രാപ്തിവരുന്നതിനു മുമ്പായി പുത്രോല്പാദനം ഉണ്ടാകുന്നതായാൽ അതു പ്രജക്കും മാതാവിനും ഒരേസമയത്തു ദോഷം ചെയ്യുമെന്നാണു് വൈദ്യശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. ശൈശവവിവാഹം നടപ്പിലിരിക്കുന്ന സമുദായത്തിൽ പ്രായപൂർത്തി വരുന്നതിനു മുമ്പായി പലപ്പോഴും പുത്രോല്പാദനം ഉണ്ടാകുന്നുണ്ടെന്നുള്ളതു് ഒരു പരമാർത്ഥമായ സംഗതിയാണു്. അങ്ങിനെ ജനിക്കുന്ന പ്രജകൾക്കു ആരോഗ്യമോ, ദീർഘായുസ്സോ ഉണ്ടാവുന്നതു സാധാരണമല്ല. ഇൻഡ്യയിലെ ശിശുമരണത്തിനു പ്രധാനമായ കാരണങ്ങളിൽ ഒന്നായി ഇതിനെ ഗണിക്കുന്നുണ്ടു്. പ്രായപൂർത്തി വരാത്തതായ പെൺകുട്ടികൾ മാതൃത്വം വഹിക്കുന്നതായാൽ തൻമൂലം അകാലമരണത്തിനു ഇരയാകുന്നതിനും ഇടയുണ്ടു്. പലപ്പോഴും അങ്ങിനെയുള്ള സ്ത്രീകളുടെ ശരീരത്തിനു സാരമായ കേടുകൾ ഉണ്ടാകുകയും ചെയ്യുന്നുണ്ടു്.

ശിശു വിധവകൾ ഉണ്ടാവുക എന്നുള്ളതാണു് ഈ സമ്പ്രദായത്തിൽ നിന്നുണ്ടാകുന്ന മറ്റൊരു ദോഷം. ജീവിതം ഇന്നതെന്നു അറിവാൻ തരമില്ലാത്തകാലത്തു ആലോചനാരഹിതമായ മാതാപിതാക്കന്മാരുടെ പ്രവൃത്തിയാൽ വിവാഹബന്ധത്തിൽ ഏർപ്പെട്ട ഒരു പെൺകുട്ടിയുടെ ഭർത്താവു നിർഭാഗ്യവശാൽ മരിച്ചു പോകയാണെങ്കിൽ ആ കുട്ടിയുടെ ഭാവിജീവിതം എത്രമാത്രം ശോകരമാണെന്നു ഊഹിക്കുകയായിരിക്കും നല്ലതു്.

ലോകത്തിലെ യാതൊരു സന്തോഷങ്ങളിലും പങ്കുകൊള്ളുന്നതിനു ഈ കുട്ടിയെ സമുദായം സമ്മതിക്കുന്നില്ല. ഈ കുട്ടിയെ കുടുംബത്തിലെ ശാപമായിത്തന്നെ കരുതുന്നു; കുടുംബത്തിലെ അടിമയായി കണക്കാക്കുന്നു. ഈ കാര്യംമാത്രം ഒഴിച്ചിട്ടെങ്കിലും ഈ ശൈശവവിവാഹസമ്പ്രദായം ഉടനടി നിറുത്തൽ ചെയ്യേണ്ടതു് അത്യാവശ്യമാണെന്നും ഈ ബില്ലിനോടു ഈ സഭയിലുള്ള എല്ലാ അംഗങ്ങളും ജാതിമതഭേദം കൂടാതെ അനുകൂലിക്കണമെന്നും ഞാൻ സ്ത്രീലോകത്തിലെ നിർഭാഗ്യകളായ പെൺകുട്ടികളുടെ നാമത്തിൽ അഭ്യർത്ഥിച്ചുകൊള്ളുന്നു.

Mr. President: I may make it plain at this stage that Government as such will be neutral on this measure and members of the Government will have individual liberty to vote as they like.

Mr. V. J. Mathai *(Planters):* Sir, I have great pleasure to rise to support this Bill, firstly, on the question of the consideration of the principles involved therein. Secondly, it has received the consent of the whole of the Cochin women-folk as represented by their two accredited representatives here. Thirdly, I have got very great admiration for the gallant efforts that are being put forth by the women-folk in this direction. Fourthly, the Bill comes from this side of the House of which I also form a part *(Laughter)*. There are several aspects to this question. The first question that arises in my mind is as to whether a girl below 14 years of age is capable of

LIBRARY ARCHIVES Kerala Legislative Assembly

choosing a career for herself. Is she able to decide a profession or is she able to take up motherhood before the age of 14 is the question that first arises in my mind. I do not think it requires an elaborate explanation. Everybody knows that the women of India are unable to decide before they are 14 or even 18 years of age as to what career they should choose. Generally what happens is that they are got married by their parents. If the father asks them to marry, they marry; if the father asks them not to marry, they do not marry, and if the father asks them to go to the convent, they go to the convent. Therefore, it seems to me that until a woman reaches the age of discretion or at least until the age of 14, their parents should not be given power to decide as to what exactly should be their future career. This power should be given to the women themselves. Now they are married before the age of 14 and by the time a woman is 30, she is burdened with half a dozen children. She will be unable to look after the welfare of her children. Women who might have become brilliant scientists, mathematicians and engineers and what not, are thereby lost to the society. Therefore, if marriage is enforced upon a girl at a very early age, we will be losing a number of brilliant units to the society and in that respect also it appears to me that before a woman reaches the age of discretion no career should be forced upon her. Secondly, I only emphasise the point that has been adequately represented on the floor of this House. I ask the question as to whether it is in the interest of women or of humanity to make a woman a mother before she is 14. Medical science adds weight to the view that the health of a woman will be impaired if she becomes a mother before she reaches full growth. Thirdly, we should consider that every woman who brings forth a child should have the ability to rear it up properly. Besides she should have the education and the necessary knowledge and wisdom for bringing up wise and nice children. I ask the question as to whether a girl of 12 or 13 will be able to rear up her children, she herself being a child. I know a case, a pitiable case which has occurred in Ernakulam. A girl-wife was playing on a harmonium even after she heard that her husband was dead. That innocent girl was not conscious of its effects upon her life. I understand that she is a Brahmin girl very highly placed in society. If such a girl could not understand what are the effects of widowhood upon her, how much more can we expect her to bring up her children. They will only be irresponsible mothers who will be unable to rear up their children to proper units in the society. For these reasons and to quote the Hon'ble Member for Talappalli (Ezhuvas), for other reasons which will follow hereafter, I strongly support this measure.

LIBRARY ARCHIVES Kerala Legislative Assembly

Mr. T. A. Ramachandra Ayyar *(Nellayi):* Sir, the Bill before the House is one which will affect only Tamil Brahmins, and perhaps some non-Brahmins also in our State. The fundamental principle of legislation is that it should be undertaken only after ascertaining the views and wishes of the people whom it will affect. In this House there are only two Tamil Brahmins whom this legislation can affect and it will be impossible for them to make their voices felt in this House, as they are in such a minority. I would therefore earnestly implore that steps be taken to circulate this Bill with a view to ascertain the opinion and wishes of the community or communities whom this legislation will affect.

Conditions in the State and British Malabar are entirely different, as far as this Bill is concerned, from what they are in other parts of India. For instance, the Bill in question will not affect even the Malayalee Brahmins, I mean the Nambudiris.

It is therefore my request that the House should have an opportunity to know the *Sanatanic* views on pre-puberty marriage and that will be possible only if an expert who is a *Sanatanist* and well versed in Hindu *Sastras* is co-opted as a Member of this House.

Mr. M. K. Devassy *(Adur):* The hon'ble member himself is in this House.

Mr. T. A. Ramachandra Ayyar *(Nellayi):* I am proud that I am out and out a *Sanatanist*, but I cannot claim much knowledge of *Sastras. (Laughter).* And, it is on this account that I plead for the co-option of an expert member. I am sure that when both sides of the question are presented to this House, as most of the hon'ble members are disinterested, the proposed legislation will be so shaped as to satisfy the sentiments and feelings of the Brahmin community at large.

This Bill, if passed into law, will be a standing menace to Hindu Religion, Hindu Society. What is surprising, nay, amusing, is that the marriage laws enacted by Manu and Yagnya Valkya, Parasara and Vasishta, are attempted to be set at naught in an assembly of hon'ble members, many of whom, I dare say, have not devoted their attention even to learn the lofty ideals of Hindu marriage laws. I never dreamt of facing such ill-devised legislation in our State ruled by the most orthodox Hindu-Ruler of the present-day India. Our Highness has rightly earned the name and fame of being the staunch preserver of our ancient *Dharma Sastras.* His Highness is a profound believer in our *Sanatana Dharma* and he is rightly styled DHARMIKA CHAKRAVARTI and I am sure in his time, it will be almost impossible to enact a legislation which is clearly against

LIBRARY ARCHIVES Kerala Legislative Assembly

religious tenets and principles which every orthodox Brahmin believes in and follows. Though consent was given for moving this Bill, I am sure sanction will not be given by His Highness.

Marriage among Hindus is not a civil contract even when the parties to the marriage possess full contractual capacity, but a religious sacrament. In the case of girls, it is a *Samskara* enjoined by the *Sastras* to be performed before the girls attain a particular age. Just like a boy who has to perform his *Upanayanam*, a girl has to perform her marriage.

Mr. V. J. Mathai *(Planters):* Are the *Upanayanam* and marriage of the same nature?

Mr. T. A. Ramachandra Ayyar *(Nellayi):* Yes, there is some difference. One is a male and the other female. *(Laughter).* The non-performance of a *Samskara* is a transgression and is believed to be productive of spiritual ruin.

This is a measure of social reform and the first of its kind in our State. So it must be enacted on the line of least resistance. Let the marriageable age be fixed at 12 years. If any legal protection is necessary in respect of consumation of marriage, let us raise the age of consent even to 16 and watch the result of that measure. The mover says it will lead to child or virgin widows. I endorse every word of the lady member as regards the hardships of the young widows.

Mr. P. Govinda Menon *(Mulakunnathukavu):* Would you support it?

Mr. T. A. Ramachandra Ayyar *(Nellayi):* Let it come. Then we will see.

This Bill will never remedy this defect. A Virgin Widow Marriage Bill alone will solve the problem. The reasons adduced for the change are not convincing to any person critically-minded. Is it not everybody's experience that virgin widows are less dangerous than experienced widows. When Dickens's Sam Weller (senior) said to Sam Weller Junior "Beware of Widows," he did not mean most certainly virgin widows. The proper remedy would be to give all widows equal opportunity of killing a few more husbands by re-marriages. But to be serious, there is, in my opinion, not much point in the argument that early marriage will lead to the increase of virgin widows. Virgin widows from the point of view of society are not more dangerous than virgins who remain unmarried long after they attain puberty.

Mr. T. P. Poulose *(Kanayannur):* If the age is fixed at 12 years, will the *Sastras* be affected?

LIBRARY ARCHIVES Kerala Legislative Assembly

Mr. T. A. Ramachandra Ayyar *(Nellayi):* Before the girl attains puberty. That is only our point.

Another reason (Mr. Mathai urged this reason) urged is that it is unfair to foist a husband on a young girl without her being allowed to select her own partner in life. It cannot be denied that superficially the argument looks attractive. But on the other side, there is the undoubted fact that the parents who in most cases love their children more than themselves, are not likely to select a partner entirely unsuited to their daughters, and after all it is a question for serious consideration whether the selection should be left to an impulsive young girl or to loving parents well experienced in the way of the world and accustomed to judge young men and women not by their pretentions but by their possessions.

Mrs. Thankamma N. Menon *(Ernakulam-Women):* Parents can select the bride-grooms after 14 years.

Mr. T. A. Ramachandra Ayyar *(Nellayi):* It is very dangerous to allow an impulsive girl with some little education to select her own partner. It is noteworthy that in India even among races which have only adult marriages, the selection has not always been in the hands of the women, although with the advent of the cinemas and the multiplicity of parks, signs are not wanting that a change is likely to come.

The practice of early marriage has been in existence among some of the leading countries in India from times immemorial. It is a well-established maxim that these practices and usages which have their root in the immemorial past should never be lightly interfered with. The observance of these maxims is imperative in the case of social laws which have been propounded by people who had been an example to the whole world in all the fields of human knowledge. It is entirely impossible that a race which produced men who have been the admiration and envy of the world in philosophy, science, mathematics, ayurveda, fine arts and every branch of science and art, would have remained content with this usage, if it was deterimental to their well-being. There are two ways in which the effect of a usage upon society can be judged. (1) The effect upon the physique of man and woman and (2) its effect upon their intelligence. As to physique, I am not aware or at any rate, no-body has proved that the Brahmins suffer in point of comparison with any other race; and as to intelligence even the worst enemies of Brahmins concede that they are equals, if not superiors, of any other race in India.

LIBRARY ARCHIVES Kerala Legislative Assembly

